പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 53

23.01.2018 ൽ
മറുപടിക്ക്

## കെ.എ.എസ്-ലെ സംവരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.കെ. ബഷീർ | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | സംസ്ഥാനത്ത് കെ.എ.എസ് നടപ്പിലാക്കുന്നതിന് അന്തിമ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്ത് 1.1.2018 മുതൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പ്രാബല്യത്തിൽ വരുത്തികൊണ്ട് 29.12.2017 ലെ GO(P)No.12/2017/P&ARD ഉത്തരവ് പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) | പിന്നോക്ക വിഭാഗങ്ങൾക്ക് ഭരണഘടന ഉറപ്പുനൽകുന്ന സംവരണം കെ.എ.എസ് നടപ്പിലാക്കുമ്പോൾ എങ്ങനെയാണ് നടപ്പിലാക്കുന്നത്; എത്ര ശതമാനം സംവരണമാണ് ഓരോ വിഭാഗത്തിലുമായി ലഭിക്കുന്നത്; ആയത് കെ.എ.എസ് നായി കണ്ടെത്തിയ മൊത്തം ഒഴിവിന്റെ എത്ര ശതമാനമാണ്; വിശദാംശം വെളിപ്പെടുത്താമോ; | ബി) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ മൂന്ന് വിഭാഗങ്ങളിലായി നടത്തുന്ന നിയമനങ്ങളിൽ സ്കീം 1 ൽ പൊതുസംവരണ തത്വങ്ങൾ പാലിച്ചുകൊണ്ടാണ് നിയമനം നടത്തുന്നത്. സ്കീം 2, സ്കീം 3 എന്നിവ ബൈ ട്രാൻസ്ഫർ മുഖേന ജീവനക്കാരിൽ നിന്നുമുള്ള നിയമനമാണ്. സ്കീം 2-ൽ SC/ST, OBC വിഭാഗങ്ങൾക്ക് പ്രായപരിധിയിൽ നിയമാനുസൃതമുള്ള ഇളവനുവദിച്ചിട്ടുണ്ട്. നിയമനത്തിനായി നീക്കിവക്കപ്പെടുന്ന മൊത്തം തസ്തികകളുടെ 1/3 ഭാഗം ഓരോ വിഭാഗത്തിനുമായി നീക്കിവച്ചിട്ടുണ്ട്. |
| സി) | സംവരണവിഭാഗങ്ങൾക്കുണ്ടാകുന്ന അപരിഹാര്യമായ നഷ്ടം ഒഴിവാക്കുന്നതിന് രണ്ടും, മൂന്നും സ്കീമിൽ സംവരണം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംഘടനകളിൽ നിന്നും വ്യക്തികളിൽ | സി) | ലഭിച്ചിരുന്നു. വിവിധ മാനദണ്ഡങ്ങൾ പരിശോധിച്ച് ആയതിനൊടുവിൽ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയതിന് ശേഷമാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് |

നിന്നും മറ്റും നിവേദനങ്ങൾ ലഭിച്ചിരുന്നോ; എങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ, പരാതിയുടെ പകർപ്പുകൾ ഉൾപ്പെടെ ലഭ്യമാക്കാമോ;

സംബന്ധിച്ച വിശേഷാൽ ചട്ടങ്ങൾക്ക് അന്തിമമായി അംഗീകാരം നൽകിയത്. നിവേദനങ്ങളുടെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു.

ഡി) കെ.എ.എസ് വിഷയത്തിൽ പി.എസ്.സി നൽകിയ അഭിപ്രായം എന്തായിരുന്നു; സംവരണ വിഷയം പുന:പരിശോധിക്കണമെന്ന് പി.എസ്.സി നിർദ്ദേശം നൽകിയിരുന്നോ; പി.എസ്.സി യുടെ അഭിപ്രായത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

ഡി) പി.എസ്.സി. യുടെ 6.11.2017 ലെ AV(2)654/17/GW നമ്പർ കത്തിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.

ഇ) മൂന്ന് സ്കീമിലായി നടപ്പിലാക്കുന്ന കെ.എ.എസ്-ൽ രണ്ടാം സ്കീമിൽ നേരിട്ടുള്ള നിയമന രീതിയായിരുന്നോ ആദ്യം ഉൾപ്പെടുത്തിയിരുന്നത്, എങ്കിൽ എന്ത് കാരണത്താലാണ് പിന്നീട് രണ്ടാം സ്കീമിനെ ബൈട്രാൻസ്ഫർ ആക്കി സംവരണം ഇല്ലാതാക്കിയത്; എങ്കിൽ വിശദമാക്കാമോ;

ഇ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംബന്ധിച്ച വിശേഷാൽ ചട്ടങ്ങൾക്ക് അന്തിമമായി അംഗീകാരം നൽകിയത്. 29.12.2017 ലെ GO(P)No.12/2017/P&ARD പ്രകാരമാണ്. സ്കീം 2 ൽ ബൈ ട്രാൻസ്ഫർ മുഖേനയാണ് നിയമനം നടത്തുവാൻ വ്യവസ്ഥ ചെയ്തിരിക്കുന്നത്.

എഫ്) മൊത്തം ഒഴിവിന്റെ 50% സംവരണം നൽകണമെന്ന ബഹു. സുപ്രീം കോടതിയുടെ വിധി നിലവിലുണ്ടോ; എങ്കിൽ കെ.എ.എസ്-ൽ ഒരു വിഭാഗത്തിൽ മാത്രം സംവരണം നൽകുമ്പോൾ മൊത്തം ഒഴിവിന്റെ 50% എന്നത് ലഭിക്കാത്തതിനാൽ ആയത് ബഹു. സുപ്രീം കോടതിയുടെ വിധിക്കെതിരാകുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;എങ്കിൽ വ്യക്തമാക്കാമോ;

എഫ്) നേരിട്ടുള്ള നിയമനത്തിന് നിയമാനുസൃതമായ സംവരണം പാലിച്ചുകൊണ്ടാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള നിയമന രീതിക്ക് അംഗീകാരം നൽകിയിട്ടുള്ളത്.

ജി) പി.എസ്.സി നടത്തിയ ഡി.ഇ.ഒ (ജില്ലാ വിദ്യാഭ്യാസ ഓഫീസർ) പരീക്ഷയിൽ ബൈട്രാൻസ്ഫർ തസ്തികയിലടക്കം സംവരണം നൽകിയിരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പൂർണ്ണ വിശദാംശം

ജി) പി.എസ്.സി. നടത്തുന്ന ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയുടെ നിയമനരീതി താഴെപറയും പ്രകാരമാണ്.

നൽകാമോ; എങ്കിൽ സമാനമായ രീതി പിന്തുടരുന്ന കെ.എ.എസ്-ൽ രണ്ടും, മൂന്നും സ്കീമിൽ സംവരണം ഒഴിവാക്കിയത് മൂലം സംവരണ വിഭാഗങ്ങൾക്കുണ്ടാകുന്ന നഷ്ടം, ഇക്കാര്യത്തിലെ അവരുടെ ആശങ്ക, അവരുടെ പ്രാതിനിധ്യ കുറവ് ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>നിയമനരീതി - നേരിട്ടുള്ള നിയമനം</u>

1. ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളിൽ നിന്നും
2. അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർമാർ, ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിലെ ടീച്ചിംഗ് സ്റ്റാഫ് എന്നിവരിൽ നിന്നും.

പ്രസ്തുത തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനം വ്യവസ്ഥ ചെയ്തിട്ടില്ല. മറിച്ച് രണ്ട് വിഭാഗങ്ങളിലും നേരിട്ടുള്ള നിയമനം ആണ് നിഷ്കർഷിച്ചിരിക്കുന്നത്. രണ്ട് വിഭാഗങ്ങളിലേയ്ക്കും സംവരണ തത്വങ്ങൾ പാലിച്ചാണ് നിയമനം നടത്തുന്നത്.

സെക്ഷൻ ഓഫീസർ

അനുബന്ധം - I

# KERALA N.G.O. CENTRE
## STATE COMMITTEE

J.P. Bhavan, Palayam P.O., Thiruvananthapuram-34
Phone : **0471-2327801**

*President*
**PANAVOOR NAZAR**
Nazar Manzil
Panavoor P.O., Nedumangad
Thiruvananthapuram
Pin-695 568
Phone : 0472- 2865909, Mob:9656261575
e-mail: panavoornazar@gmail.com

*General Secretary*
**BENNY.C. CHEERANCHIRA**
Cheeranchira House,
Cheeranchira.P.O.
Changanassery, Kottayam
Pin - 686 106
Mob:9447780466
e-mail: beniccheeranchira@gmail.com

*Ref.No.* 29/2017/KNGOC

*Date:* 13.12.2017

പ്രിൻസിപ്പൽ സെക്രട്ടറി,
ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (എ.ആർ-12),
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

സർ,

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് - സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നത് സംബന്ധിച്ച്.

സൂചന :- 1) 04/01/2017ലെ ജി.ഒ (എം.എസ്) നം.1/2017/ഉ.ഭപവ നമ്പർ സർക്കാർ ഉത്തരവ്.
2) 06/12/2017ലെ 803512/എ.ആർ 12(1)/2016/ഉ.ഭ.പ.വ നമ്പർ കത്ത്.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് എൻ.ജി.ഒ സെന്ററിന്റെ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

I) Rule - 4 പ്രകാരമുള്ള schedule I ൽ 30 വകുപ്പുകൾ പ്രതിപാദിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളേയും ഉൾപ്പെടുത്തണം.

Administrative Secretariat, Finance Secretariat എന്നിവടങ്ങളിലെ ജീവനക്കാർ വിവിധ വകുപ്പുകളിൽ സേവനം അനുഷ്ഠിക്കുന്ന ഡെപ്യൂട്ടേഷൻ തസ്തികകൾ എല്ലാം തന്നെ KAS ൽ ഉൾപ്പെടുത്തണം.

II) Rule - 12 ലെ Method of appointment ൽ കാറ്റഗറി STREAM III ൽ ബൈ ട്രാൻസ്ഫർ അപ്പോയിന്റ്മെന്റിന് Junior Superintendent in common catagories and holding 1st Gazetted Post Age Limit upto 50 years.

Or

Junior Superintendent (HG) and 1st Gazetted Post

(Page...2)

**KERALA N.G.O. CENTRE**
**STATE COMMITTEE**
J.P. Bhavan, Palayam P.O., Thiruvananthapuram-34
Phone : **0471-2327801**

*President*
**PANAVOOR NAZAR**
Nazar Manzil
Panavoor P.O., Nedumangad
Thiruvananthapuram
Pin-695 568
Phone : 0472- 2865909, Mob:9656261575
e-mail: panavoornazar@gmail.com

*General Secretary*
**BENNY.C. CHEERANCHIRA**
Cheeranchira House,
Cheeranchira.P.O.
Changanassery, Kottayam
Pin - 686 106
Mob:9447780466
e-mail: beniccheeranchira@gmail.com

*Ref.No.* *Date:*............................

| | | | |
|---|---|---|---|
| III) | KAS Officer (Senior Time Scale) | By Promotion to Stream III | 4 years in service |
| IV) | KAS Officer (Selection Grade Scale) | By Promotion to Stream III | 2 years in service |
| V) | KAS Officer (Super Time Scale) | By Promotion to Stream III | 2 years in service |

III. Rule 13

(b) "Stream II - Direct Recruitment must have completed 21 years and must not have completed 50 years of age as 1st January of the year in which application for appointment are invited". എന്ന തിരുത്തൽ വേണം

(c) OBC/SC/ST വിഭാഗങ്ങൾക്ക് Age relaxation ഉണ്ട്. Stream II, Stream III വിഭാഗങ്ങൾക്കുള്ള സംവരണം പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല.

വിശ്വസ്തതയോടെ,

*Panavoor Nazar*
**President**
**Kerala N. G. O Centre**
**State Committee**
**J.P. Bhavan, Palayam-P.O.**
**Tvm Kerala**

# സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ (SEU)
## സംസ്ഥാന കമ്മിറ്റി

റൂം നമ്പർ 205, സമസ്ത ജൂബിലി സൗധം, മേലേതമ്പാനൂർ, തിരുവനന്തപുരം –1

| പ്രസിഡന്റ് | ജനറൽ സെക്രട്ടറി | ട്രഷറർ |
| --- | --- | --- |
| എ.എം. അബൂബക്കർ | സിബി മുഹമ്മദ് | കെ. എം. റഷീദ് |
| 9496365097 | 9497329591 | 9388816577 |
| ampookolathur@gmail.com | sibi74@gmail.com | rasheedmulavoor@gmail.com |

www.seukerala.com


Ref: Date: 30-11-2017

**ബഹു ന്യൂനപക്ഷ കമ്മീഷൻ മുമ്പാകെ സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ സംസ്ഥാന കമ്മിറ്റി സമർപ്പിക്കുന്ന നിവേദനം**

സാർ

**വിഷയം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ( കെ.എ എസ്) നിയമനത്തിൽ ന്യൂന പക്ഷങ്ങൾക്കും , പിന്നോക്ക വിഭാഗത്തിനും അർഹമായ സംവരണം ലഭിക്കുന്നത് -സംബന്ധിച്ച്**

സർക്കാർ ഉത്തരവ് നമ്പർ ജി .ഒ( കൈ) നമ്പർ21/2017 / ഉഭ പവ തിയതി 19/10/2017 പ്രകാരം കെ.എ എസ് രൂപീകരിച്ച് നിയമനം നടത്തുന്നതിനാവശ്യമായ ചട്ടങ്ങൾ സർക്കാർ പ്രസിദ്ധീകരിച്ചിരിക്കുകയാണ്.ആയതിൽ നിയമനം നടത്തുന്നതിനുള്ള ഏജൻസിയായി പി എസ് സി യെ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൻ പ്രകാരം 3 തലത്തിലുള്ള നിയമനങ്ങളാണ് നടത്തുന്നത്

1. നേരിട്ടുള്ള നിയമനം
2. സർവ്വീസിൽ ഉള്ള ജീവനക്കാർക്ക് നിയമനം
3. ബൈ ട്രാൻസ്ഫർ നിയമനം

Rule 5 പ്രകാരം നേരിട്ടുള്ള നിയമനത്തിന് മാത്രം Reservation ബാധകമാകും

1) നേരിട്ടുള്ള നിയമനം :ഇതിൽ 21 വയസ് മുതൽ 32 വരെ ആർക്കും അപേക്ഷിക്കാം.

2) സർക്കാർ സർവ്വീസിലുള്ള പ്രൊബേഷൻ പൂർത്തീകരിച്ച 21 വയസ് മുതൽ 40 വയസ് വരെയുള്ളവർക്ക് അപേക്ഷിക്കാം. ഇതിൽ Direct Recruitment എന്ന് പറയുന്നുണ്ടെങ്കിലും സർക്കാർ സർവ്വീസിലുള്ളവർ മാത്രം എഴുതുന്നത് കൊണ്ട് ഇതിനെ ബൈ ട്രാൻസ്ഫർ എന്നേ പറയാൻ പറ്റുകയുള്ളു.

3) സർക്കാർ സർവ്വീസിലുള്ള 50 വയസിൽ താഴെയുള്ള ഫസ്റ്റ് ഗസറ്റഡ് തസ്തികയിലുള്ളവർക്ക് അപേക്ഷിക്കാം.

മുന്ന് കാറ്റഗറിയിൽ നിന്നും 1/3 നിയമനം അഥവാ 99 തസ്തികയുണ്ടെങ്കിൽ ഓരോ കാറ്റഗറിക്കും 33 വീതം ലഭിക്കും .ഇതിൽ ആദ്യത്തെ കാറ്റഗറിക്ക് മാത്രം റിസർ വേഷൻ ബാധകം. റിസർവേഷൻ 50 % ൽ കൂടാൻ പാടില്ലാത്തതിനാൽ 33 ന്റെ പകുതിയായ 16.5 ശതമാനം തസ്തികയിൽ മാത്രം റിസർവ്വേ ഷ ൻ ലഭിക്കുകയുള്ളു. ഇത് എല്ലാ റിസർവ്വേ ഷ ൻ ഗ്രൂപ്പിനും കൂടിയാണ. ഫലത്തിൽ 99 ശതമാനം തസ്തികയിൽ 82.5 ശതമാനം തസ്തിക ജനറൽ റിക്രൂട്ട് മെൻറിനും 16.5 ശതമാനം തസ്തിക എല്ലാ റിസർവേഷൻ ഗ്രൂപ്പിനും കൂടി ലഭിക്കും .

ഈ 16.5 ശതമാനം തസ്തികയിൽ 14% ഈഴവ, 12% മുസ്ലീം, 4 % ലാറ്റിൻ കാത്തലിക്/ആംഗ്ലോ ഇന്ത്യൻ,1% ഹിന്ദു നാടാർ, 1% SIUC, 1% SC Converted Christian, 3 % വിശ്വകർമ്മ, 1% ധീവര,3% OBC 8%, SC 2%, ST ക്ക് 1. 32% ലഭിക്കും

അതായത ഈ 16.5 ശതമാനം തസ്തികയിൽ 2.31 ഈഴവക്ക്, 1.98 മുസ്ലീം, 0.165 വീതം LC/ ആംഗ്ലോ ഇന്ത്യൻ, ഹിന്ദു നാടാർ, SUIC, SC Converted Christian, ധീവര എന്നിവർക്ക്, 0.49 വീതം വിശ്വകർമ്മ, OB C എന്നിവർക്ക് ലഭിക്കുകയുള്ളു.

ഫലത്തിൽ നിലവിൽ 100 തസ്തികയിൽ നിയമനം നടക്കുമ്പോൾ 50 തസ്തിക കിട്ടിയിരുന്ന റിസർവ്വേ ഷ ൻ കാർക്ക് വെറും 16.5 തസ്തിക മാത്രം

100 പോസ്റ്റിംഗ് നടന്നാൽ 14 തസ്തിക കിട്ടിയിരുന്ന ഈഴവക്ക് ഇനി 2.31 തസ്തികയും 12 തസ്തിക കിട്ടിയിരുന്ന മുസ്ലിമിന് 1.98 തസ്തികയും 8 തസ്തിക കിട്ടിയിരുന്ന പട്ടിക ജാതിക്ക് 1.32 തസ്തികയും മാത്രം ലഭിക്കും.100 നിയമനം നടന്നാൽ 3 തസ്തിക വീതം കിട്ടിയിരുന്ന വിശ്വകർമ്മ, OBC എന്നിവർക്ക് 3 വീതം തസ്തിക. കിട്ടണമെങ്കിൽ 200 ലധികം നിയമനം നടക്കണം.100 പോസ്റ്റിംഗ് നടന്നാൽ 1 തസ്തിക വീതം കിട്ടിയിരുന്ന ലാറ്റിൻ കാത്തലിക് / ആംഗ്ലോ ഇന്ത്യൻ, ഹിന്ദു നാടാർ, SUIC, SC converted Christian, ധീവര എന്നിവർക്ക് 1 തസ്തിക കിട്ടാൻ 600 ൽ അധികം നിയമനം നടക്കണം.
100 നിയമനം നടന്നാൽ 2 തസ്തിക കിട്ടിയിരുന്ന പട്ടിക വർഗ്ഗക്കാർക്ക് 2 തസ്തിക കിട്ടണമെങ്കിൽ 300 ലധികം നിയമനം നടക്കണം.

ഓർഡർ പ്രകാരം ഒന്നാം കാറ്റഗറിയിലും രണ്ടാം കാറ്റഗറിയിലും സംവരണം ഉണ്ട്. എന്നാൽ രണ്ടാം കാറ്റഗറിയിലുള്ളവരെ By direct എന്ന് വിളിച്ചാൽ കോടതിയിൽ ചോദ്യം ചെയ്യാൻ സാധ്യത. വളരെ കൂടുതൽ ' തൽഫലമായി സം വരണം അട്ടിമറിക്കപ്പെടും.

ആയതിനാൽ നിലവിൽ ലഭിച്ച് കൊണ്ടിരിക്കുന്ന സംവരണം നഷ്ടപ്പെടുത്തുന്ന സർക്കാർ നടപടി പിൻവലിച്ച് ന്യൂന പക്ഷങ്ങൾക്കും ' , പിന്നോക്ക വിഭാഗത്തിനും അർഹമായ സംവരണം കെ.എ എസ് നിയമനത്തിൽ ഉണ്ടാക്കണമെന്ന് കമ്മീഷനോട് വിനയപൂർവ്വം ആവശ്യപ്പെടുന്നു.

A.M. Aboobacker

2089985 /Fin
28/12/2017

28/12/17

**Through Proper Channel**

**ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി സമക്ഷം സമർപ്പിക്കുന്ന അപേക്ഷ**

സർ,

**വിഷയം:-** **കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ (KAS) സംവരണം സംബന്ധിച്ച്**

**സൂചന:-** **26.12.2017 ലെ മന്ത്രിസഭ തീരുമാനം**

ഗവ. സെക്രട്ടറിയേറ്റിലെ ധനകാര്യ (ഫണ്ട്സ്) വകുപ്പിൽ **അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ** തസ്തികയിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരനാണ് ഞാൻ. അക്കാഡമിക് യോഗ്യതയായി സയൻസ് വിഷയത്തിൽ ബിരുദാനന്തര ബിരുദവും, നിയമ ബിരുദവും നേടിയ ഞാൻ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നടത്തിയ പ്രിലിമിനറി - മെയിൻ പരീക്ഷകളിൽ യോഗ്യത നേടിയാണ് ധനകാര്യ വകുപ്പിൽ അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ചത്.

കേരള സർക്കാർ 26.12.2017 ൽ എടുത്ത മന്ത്രിസഭാ തീരുമാന പ്രകാരം 2018 ജനുവരി ഒന്നിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നിലവിൽ വരാൻ പോവുകയാണ്. മൂന്ന് സ്ട്രീമുകളിലായി കേരള പബ്ളിക് സർവ്വീസ് വഴി നിയമനം നടത്തുന്ന കേരള അഡ്മിനിസ്ട്രേറ്റീവി സർവ്വീസിൽ **സർക്കാർ ജീവനക്കാരിൽ നിന്ന് നിയമനം നടത്തുന്ന സ്ട്രീം രണ്ടിലും സ്ട്രീം മൂന്നിലും സംവരണതത്വം പാലിക്കാതെയാണ് ഒഴിവുകൾ നികത്തപ്പെടാൻ പോകുന്നത്.**

പട്ടികജാതി വിഭാഗത്തിൽ സിന്ധനർ സമുദായത്തിൽ സംവരണാർഹതയുള്ള 43 വയസ് പ്രായമുള്ള വ്യക്തിയാണ് ഞാൻ. പുതിയ കേഡർ തസ്തികയും പുതിയ അധികാര കേന്ദ്രവുമായ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിലേയ്ക്ക് നിലവിൽ സർക്കാർ ജീവനക്കാർ ആയവരിൽ നിന്ന് നിയമനം നടത്തി ഒഴിവുകൾ നികത്തുന്ന **സ്ട്രീം രണ്ടിലും സ്ട്രീം മൂന്നിലും വയസിളവും സാമൂഹ്യ പ്രാതിനിധ്യവും ഉൾപ്പെടെയുള്ള ഭരണഘടനാനുസൃത സംവരണതത്വ നിയമങ്ങൾ പാലിക്കാതെ നിയമനം നടത്തപ്പെടാൻ പോകുന്നത് മൂലം സംവരണ വിഭാഗത്തിൽപെട്ട എനിക്ക് അർഹമായ അവസരവും സാമൂഹ്യ നീതിയും ലഭ്യമാകാത്ത സാഹചര്യമാണ് സംജാതമാകുന്നത്.**

ഈ സാഹചര്യത്തിൽ സംവരണ വിഭാഗത്തിൽപ്പെട്ട എനിയ്ക്ക് അർഹമായ അവസരവും സാമൂഹ്യ നീതിയും ലഭ്യമാകുന്ന രീതിയിൽ **കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ ചട്ടങ്ങളിൽ അടിയന്തിരമായി ഭേദഗതി വരുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (KAS) നടപ്പിലാക്കണമെന്ന്** താഴ്മയായി അപേക്ഷിച്ച് കൊള്ളുന്നു.

വിശ്വസ്തതയോടെ,

തിരുവനന്തപുരം
28.12.2017

**ബാബു. കെ.**
PEN 634748
Mob: 9495710411
Email - babucharuvila74@gmail.com

6

# AMBEDKAR EDUCATION FOUNDATION

JALADHARA, ULLOOR, BHASI NAGAR
MEDICAL COLLEGE. P.O., TRIVANDRUM

Chairman : K. RAMANKUTTY, Mob: 9895656799

Date: 23/12/2017

**ബഹു: കേരള മുഖ്യമന്ത്രി സമക്ഷത്തിലേയ്ക്ക്**

29 DEC 2017

സർ,

പുതിയതായി രൂപീകരിയ്ക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (KAS)ലെ നിയമന പ്രക്രിയയുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന ചട്ടങ്ങളിൽ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പ് വരുത്തുന്ന ഭരണഘടനാനുസൃതമായ സംവരണം അട്ടിമറിയ്ക്കുന്നതായാണ് അറിയാൻ കഴിഞ്ഞത്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ സംവരണ വിഷയവുമായി ബന്ധപ്പെട്ട് പത്ര ദൃശ്യമാധ്യമങ്ങളിലും, സംവരണാർഹരായ വിഭാഗങ്ങളിലും മറ്റും ചർച്ചകളും, വാർത്തകളും സജീവമായിട്ടുണ്ട്. കൺഫേർഡ് IAS ഉൾപ്പെടെയുള്ള അധികാരതസ്തികകളിൽ ഇനിമുതൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വഴിയായിരിക്കും നിയമിക്കപ്പെടുന്നത് എന്നും അറിയാൻ കഴിഞ്ഞു. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പാക്കുന്നതിലൂടെ സംസ്ഥാന സർവ്വീസിൽ പുതിയ ഒരു കേഡർ സൃഷ്ടിയ്ക്കപ്പെടുവാൻ പോകുകയാണ്. ഈ വലിയ അധികാര തസ്തികകയിലേയ്ക്ക് നിയമനം നടത്തുമ്പോൾ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം കുറയുന്നതരത്തിൽ ചട്ടങ്ങൾ രൂപികരിയ്ക്കുന്നത് സാമൂഹ്യനീതിയുടെയും ഭരണഘടനാ തത്വങ്ങളുടേയും ലംഘനമാണ്. സാമൂഹ്യ മൂലധനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന ജനവിഭാഗം എന്ന നിലയിൽ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്ക് വലിയ ആശങ്കയാണ് ഇക്കാര്യത്തിലുള്ളത്. നിലവിൽ തയ്യാറായിവരുന്ന ചട്ടമനുസരിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്സിലേയ്ക്ക് നിയമനത്തിനായി റിപ്പോർട്ട് ചെയ്യുന്ന മൊത്തം ഒഴിവുകളിൽ 15% ഒഴിവുകളിൽ മാത്രമേ സംവരണം പാലിയ്ക്കപ്പെടുന്നുള്ളൂ. ബാക്കി 85% ഒഴിവുകളും സംവരണം ഇല്ലാതെ നികത്തപ്പെടാൻ പോകുകയാണ്. ഇതിന്റെ ഫലമായി ഭരണഘടനാനുസൃതമായി പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്ക് ലഭിയ്ക്കേണ്ടുന്ന 10% എന്ന

പ്രാതിനിധ്യം കേവലം 1% മായി കുറയുന്ന അവസ്ഥ സംജാതമാകും. SC/ST വിഭാഗങ്ങൾക്ക് കേന്ദ്ര അഡ്മിനിസ്റ്റേറ്റീവ് സർവ്വീസ് നിയമനത്തിൽ ലഭിക്കുന്ന സംവരണം പോലും കേരള അഡ്മിനിസ്റ്റേറ്റീവ് സർവ്വീസിൽ ലഭ്യമാകാത്ത സാഹചര്യമാണ് സൃഷ്ടിക്കുവാൻ പോകുന്നത്.

ഈ സാഹചര്യത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്സിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന മൊത്തം ഒഴിവുകളിലും നിയമനം നടത്തുമ്പോൾ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ സാമൂഹ്യ പ്രാതിനിധ്യം ഉറപ്പാക്കുന്ന രീതിയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്സിന്റെ ചട്ടങ്ങളിൽ അനുയോജ്യമായ ഭേദഗതികൾ വരുത്തി ഭരണഘടനാനുസൃതമായ സംവരണം പാലിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കണമെന്ന് വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

**ചെയർമാൻ**

അനുബന്ധം-II

website: www.keralapsc.gov.in

E-mail: kpsc.psc@kerala.gov.in
Phone: 0471 - 2447201

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

No. A V(2)654/17/GW

തിരുവനന്തപുരം
തീയതി: 06.11.2017

സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ-12) വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

സർ,

വിഷയം : കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ - അഡ്വൈസ് (റൂൾസ്)- കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (KAS) - കരട് ചട്ടം അംഗീകരിക്കുന്നത് - സംബന്ധിച്ച്

സൂചന : 21.10.2017 തീയതിയിലെ No:803512/AR-12(1)/2016/ P&ARD നമ്പർ അർദ്ധ ഔദ്യോഗിക കത്ത്

*********

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (KAS) ന്റെ രൂപീകരണം, ഘടന, തെരഞ്ഞെടുപ്പ് ചട്ടങ്ങൾ എന്നിവയുടെ കരട് കമ്മീഷൻ വിശമായി പരിശോധിക്കുകയും താഴെ പറയുന്ന ഭേദഗതി നിർദേശങ്ങൾക്ക് വിധേയമായി അംഗീകരിക്കുകയും ചെയ്തു.

1)

(a) PWD ആക്ട് അനുസരിച്ച് ഈ തസ്തികയ്ക്ക് ഭിന്നശേഷിക്കാർ യോഗ്യരാണോ എന്ന് ഡ്രാഫ്റ്റ് റൂളിൽ പറഞ്ഞിട്ടില്ല. യോഗ്യരാണെങ്കിൽ ഈ തസ്തിക ഭിന്നശേഷി സംവരണത്തിന് identify ചെയ്യണം. അല്ലെങ്കിൽ റൂളിൽ അത് വ്യക്തമാക്കണം.

(b) Identify ചെയ്യുന്ന അവസരത്തിൽ ഏതെല്ലാം ഭിന്നശേഷി വിഭാഗം യോഗ്യരായിരിക്കും എന്ന് പ്രതിപാദിക്കണം.

2) Rule 17-ൽ പ്രതിപാദിച്ചിരിക്കുന്ന ഭേദഗതികൾ കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) സ്പെഷ്യൽ റൂൾസ് 1963-ൽ കൂടി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) സർക്കാരിന്റെ Trans gender policy, Appex Court-ന്റെ വിധിന്യായങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ PSC വഴിയുള്ള തെരഞ്ഞെടുപ്പുകളിൽ Transgender വിഭാഗത്തെ ഉൾപ്പെടുത്തുന്നതിന് പൊതുവായി നിയമനിർമ്മാണം ഉണ്ടാകേണ്ടതാണ്. (PSC വഴി തെരഞ്ഞെടുപ്പ് നടത്തുന്ന തസ്തികകളിൽ ട്രാൻസ്ജെൻഡർ വിഭാഗത്തെ പരിഗണിക്കേണ്ട തസ്തികകൾ identify ചെയ്യേണ്ടതാണ്). ടി വിഭാഗക്കാർക്ക് KAS ന് വേണ്ടി അപേക്ഷിക്കുന്നതിന് പ്രത്യേക വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതാണ്.

4) Schedule -1-ൽ പ്രതിപാദിച്ചിരിക്കുന്ന 29 വകുപ്പുകളിലെ Second Gazetted Posts ഏതാണെന്ന് കൂടി Special Rule-ൽ വ്യക്തമാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ ഭേദഗതികൾക്കു പുറമേ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ കോളം 2-ൽ പരാമർശിക്കുന്ന ചട്ടങ്ങളിൽ കോളം 3-ൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം ഭേദഗതി വരുത്തേണ്ടതാണ്.

| നം. | കരട് ചട്ടങ്ങളിലെ വ്യവസ്ഥകൾ | ഭേദഗതി നിർദേശം | റിമാർക്സ് |
|---|---|---|---|
| 1. | കരട് ചട്ടത്തിൽ Rule 7(m) the quinquennial Review shall be done by a committee consisting of the following members<br>1. Senior most Additional Chief Secretary (Chairman)<br>2. Secretary in charge of Home<br>3. Secretary in charge of finance<br>4. Law Secretary<br>5. Secretary in charge of General Administration<br>6.Secretary in charge of Personnel and Administrative Reforms:Convener | Rule 7(m)<br>The quinquennial Review shall be done by a Committee constituted by the Government എന്ന് മാറ്റം വരുത്തേണ്ടതാണ്. | കമ്മിറ്റിയിൽ ആരൊക്കെ ഉൾപ്പെടണമെന്നുള്ളത് സർക്കാരിന്റെ കാലാനുസൃതമായ നയപരമായ തീരുമാനത്തിന്റെ ഭാഗമാകുന്നതിനാൽ ഇതിന്റെ ഘടന സ്പെഷ്യൽ റൂളിൽ വ്യക്തമാക്കേണ്ടതില്ല. |

1453 10

| | | | |
|---|---|---|---|
| 2. | In Rule 9 (f) For promotion to Senior level, Rule 27(a) of the Kerala Subordinate Rules shall apply. | In addition to the existing clause in Rule 9 (f) the following shall also be incorporated. 'Promotion shall be effected as contemplated in Rule 28 KS&SSR considering seniority as per Rule 27(a)KS&SSR and merit cum ability'. | KAS-ലെ ഒരു കേഡറിൽ നിന്ന് സീനിയർ കേഡറിലേക്ക് ഉള്ള പ്രൊമോഷൻ സംബന്ധിച്ച് "Promotion shall be effected as contemplated in Rule 28 KS&SSR considering seniority as per Rule 27(a)KS&SSR and Merit cum ability' എന്ന വ്യവസ്ഥ കൂടി Rule 9 (f)-ൽ ചേർക്കേണ്ടതാണ്. |
| 3. | Rule 10(C) (Training)<br>The period of Training shall count for increment and probation<br><br>Rule 11 (a) Probation<br>Every person in the KAS (Junior Time Scale) by direct recruitment or by transfer shall form the date on which he/ she joins duty after successful completion of training prescribed in Rule 10, be on probation for a period of 2 years on duly within a continuous period of 3 years. | Rule 11(a)-ൽ Period of Probation-ൽ Training period ഉൾപ്പെടുന്നത് വ്യക്തമായി പ്രതിപാദിക്കണം. | Rule 10 (c)യിൽ training period probation-ന് പരിഗണിക്കും എന്നും Rule 11 (a)യിൽ training-ന് ശേഷം join ചെയ്ത തീയതി മുതൽ രണ്ട് വർഷം എന്നും പറയുന്നതിനാൽ |
| 4. | Rule 12(a) category 1 stream 2<br>By direct recruitment (from regular employees or approved probationers in any Government departments). | Stream 2-ൽ By Direct Recruitment (from regular ... in any Government Departments എന്നതിനു ശേഷം or 'Constitutional Bodies' എന്നു കൂടി ചേർക്കേണ്ടതാണ്. | സെക്രട്ടേറിയറ്റ് സർവ്വീസിന് തുല്യമായ നിയമന യോഗ്യത, ശമ്പളം മറ്റെല്ലാ ആനുകൂല്യങ്ങളും PSC പോലെയുള്ള Constitutional Body-യിലും ഉള്ളതിനാലും KPSC Government Department എന്ന നിർവ്വചനത്തിൽ വരാത്തതിനാലും പി.എസ്.സി പോലെയുള്ള Constitutional Bodies കൂടി stream 2-ൽ ഉൾപ്പെടുത്തേണ്ടതാണ്. |

| | | | |
|---|---|---|---|
| 5. | Rule 12(a) യിൽ കാറ്റഗറി 1 ലെ Stream-2 ലെ 4-ാം യോഗ്യത, Stream-3 ലെ 3-ാം യോഗ്യത, ടി റൂളിനൊപ്പമുള്ള പട്ടികയുടെ ചുവടെയുള്ള 2-ാ മത്തെ Note '......due to administrative delay but against whom no major or minor penalty has been imposed or no proceedings for the same are in progress or contemplated....' | minor penalty എന്നും or no proceedings for the same are in progress or contemplated എന്ന ഭാഗവും ഒഴിവാക്കേണ്ടതാണ്. പകരം major penalty impose ചെയ്താൽ മാത്രം അപേക്ഷിക്കുന്നതിൽ നിന്നും ഇരു വിഭാഗങ്ങളെയും ഒഴിവാക്കാവുന്നതാണ്. | Probation dec...e ചെയ്തവർക്ക് major penalty impose ചെയ്താൽ മാത്രം അപേക്ഷിക്കുന്നതിന് തടസ്സമാകുന്ന സമയത്ത് 'probation declare ചെയ്യപ്പെടാത്തവർക്ക് (due to administrative delay) major or minor penalty or no proceedings for the same are in progress or contemplated എന്നും ചേർക്കുന്നത് ഉചിതമല്ല. No proceedings for the same are in progress or contemplated എന്ന വ്യവസ്ഥ ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യത ഉള്ളതിനാലും ഒഴിവാക്കേണ്ടതാണ്. KCS (CC&A) Rule പ്രകാരം 'dismissal' ആയാൽ മാത്രമേ മറ്റ് തസ്തികകളുടെ തിരഞ്ഞെടുപ്പിൽ നിന്നും വിലക്കുകയുള്ളൂ. |
| 6. | Rule 12(a)cat.1 stream 1,2,3, എന്നിവയ്ക്ക് നേരെയുള്ള 3ാം കോളത്തിലെ രണ്ടാമത്തെ യോഗ്യതയായ must have obtained a Bachelor Degree including professional course in any subject from a University established by Govt. of Kerala. | 'Must have obtained a Bachelor Degree including professional course in any subject recognised by any universities established by Govt. of Kerala or UGC or awarded by National Institutes established by the Govt. of India എന്ന് മാറ്റം വരുത്തേണ്ടതാണ് | |
| 7. | Rule 12 (a) യിലെ , stream 1,2 എന്നിവയിലെ 3-ാം കോളം 1......... Relaxation for reservations pre- | Relaxation of upper age limit will be 3 years in the case of OBC and | relaxation എന്ന് general ആയി പറയുമ്പോൾ KS&SSR proviso to .... |

| | | | |
|---|---|---|---|
| | scribed for SC/ST and OBC by Govt. from time to time will apply | 5 years in the case of SC/ST എന്ന് മാറ്റം വരുത്തേണ്ടതാണ്. | Rule 10 c, 10 d പ്രകാരമുള്ള ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് സംശയത്തിന് ഇടയാകും. |
| 8. | Rule 12, stream 3 ൽ ഉള്ള 3-ാം കോളത്തിലെ യോഗ്യത<br>(2) ".......must have obtained a Bachelor degree in any subject ........." | Must have obtained a Bachelor degree in any subject ' including professional course' എന്നു കൂടി ചേർത്ത് basic qualification എല്ലാ വിഭാഗത്തിനും സമാനമാക്കേണ്ടതാണ്. | |
| 9. | Rule 12, stream 1,2, column (3)<br>1)Must not have completed ........ years of age on 1st January of the year in which application for appointment are invited | Stream 1-ൽ<br>1. Must have completed 21 years and must not have completed 32 years of age on 1st January of the year in which applications for appointment are invited എന്നു മാറ്റം വരുത്തേണ്ടതാണ്<br>2. Stream 2-ൽ must have completed 21 years and must not have completed 40 years as on 1st January of the year in which applications for appointment are invited' എന്നും മാറ്റേണ്ടതാണ്. | |
| 10. | Rule 12, Note 2<br>'.....attached to the application.....' | ടി കുറിപ്പിലെ 'attached to the application എന്നതിനു പകരം must be produced as and when required by Kerala Public Service Commission എന്ന് മാറ്റം വരുത്തേണ്ടതാണ് | |
| 11. | Rule 12 C(V)<br>'.......other stream or streams in the | ഇതിൽ 'or stream' ഒഴിവാക്കി other | |

| | | | |
|---|---|---|---|
| | same order.......' | streams in the same order' എന്ന് മാറ്റേണ്ടതാണ്. | |
| 12. | Rule 13<br>(a) Direct recruitment (Stream-1) :-21-32 years<br>(b)Direct recruitment (Stream-2):-21-40 years | a) "21-32 years" എന്നതിനു പകരം must have completed 21 years and must not have completed 32 years of age on 1st January of the year in which applications for appointment are invited എന്നും<br><br>b)21-40 years എന്നതിനു പകരം must have completed 21 years and must not have completed 40 years as on 1st January of the year in which applications for appointment are invited' എന്നും മാറ്റേണ്ടതാണ്. | |
| 13. | Rule 13(b)<br>Direct recruitment (stream-2):21-40 years | Relaxation of upper age limit will be 3 years in the case of OBC and 5 years in the case of SC/ST എന്ന് ചേർക്കേണ്ടതാണ്. | |
| 14. | Rule 14<br>(a)(ii)<br>Main examination (eassy type) for selection of candidate to personality test. | (ii)'main examination (descriptive type) for selection, of candidates for interview' എന്ന് ആക്കേണ്ടതാണ്. | Personality Test mode of Recruitment-ൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 15. | Proviso to 14(a)(iii)<br>Interview: For final selection of candidates to KAS.<br>Provided that for the final selection of candidates, the main examination and interview shall ~~have weightages of 80%~~ and 20% respectively. | Proviso to 14(a)(iii) to be deleted. | ഉയർന്ന തസ്തികകൾക്ക് എഴുത്തുപരീക്ഷയ്ക്ക് ഒന്നിൽ കൂടുതൽ പേപ്പറുകൾ ഉണ്ടാകാൻ സാധ്യത ഉള്ളതിനാലും Basis of marking Rules of Procedure പ്രകാരം കമ്മീഷന്റെ അധികാരപരിധിയിൽ |

| | | | |
|---|---|---|---|
| | | | വരുന്നതിനാലും Rule 14 (a)(iii)-ലെ proviso നീക്കം ചെയ്യേണ്ടതാണ്. |
| 16. | Rule 14 (b) On the basis of the performance in the examination, separate Ranked Lists shall be prepared for the three categories viz. (i) By direct recruitment, (ii) By transfer from 1st Gazetted post in departments and equivalent posts in common categories specified in schedule 1 and (ii) By transfer from 1st Gazetted posts in other Departments. | (1) Rule 14(b)-ൽ 'Rank lists-നു പകരം 'Ranked lists' എന്ന് ചേർക്കേണ്ടതാണ്. Three categories viz(i)By Direct Recruitment (ii) By Direct Recruitment (From regular employees ...(iii) By Transfer Appointment (From candidates ...) എന്ന് മാറ്റേണ്ടതാണ്. | |
| 17. | Rule 15 (a) | Rule 15 (a)-യിൽ Item (iv) ന് ശേഷം item(v) ആയി താഴെ പറയുന്ന വ്യവസ്ഥ ചേർക്കേണ്ടതാണ്. 'candidates who have not studied Malayalam language in the metric level shall have to qualify the Malayalam Proficiency Test conducted by Kerala Public Service Commission' | ഭരണഭാഷ മലയാളമായതുകൊണ്ട് മലയാളം proficiency Test നിഷ്കർഷിക്കേണ്ടതാണ്. |
| 18. | Rule 19(a) ........ for selection to the Indian Administrative Service in the quota set apart for the State Civil Service on completion of the required experience and subject to........ | ........ for selection to the Indian Administrative Service in the quota set apart for the State Civil Service on completion of the required service and subject to........ എന്ന് മാറ്റം വരുത്തേണ്ടതാണ്. | |
| 19. | Rule 19 (b)യിലെ രണ്ടാം ഖണ്ഡിക 'Provided that for such officers in the KAS who have been selected by transfer, the period of service already com- | ' Provided that for such officers in the KAS who have been selected by transfer, the period of | KAS ന്റെ entry cadre Second Gazetted Post ആയതിനാൽ 'First Gazetted Post' ലുള്ള |

| | | |
|---|---|---|
| pleted in the first Gazetted Post shall be admissible for meeting the qualifying service prescribed from time to time for selection to the Indian Administrative Service' | service already completed in the second Gazetted Post shall be admissible for meeting the qualifying service prescribed from time to time for selection to the Indian Administrative Service' | സർവ്വീസ് കാലയളവ് KAS Cadre ൽ നിന്നുള്ള promotion-ന് കണക്കാക്കുന്നത് അപാകതയാണ്. മാത്രമല്ല Kerala Civil Service (Executive) Rules പ്രകാരം Second Gazetted Post-ന് സമാനമായ തസ്തികയിൽ 8 വർഷത്തെ സർവ്വീസാണ് IAS-ന് പരിഗണിക്കുന്നത്. |

മേൽ പറഞ്ഞ ഭേദഗതികൾ വരുത്തി എത്രയും വേഗം അന്തിമ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് കമ്മീഷൻ സർക്കാരിനെ ഉപദേശിക്കുന്നു.

വിശ്വസ്തതയോടെ,

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ